# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

32 ( *114, *121 ) പൊതു നിരത്തുകൾ കുഴിക്കുന്നതു മൂലമുള്ള പ്രശ്നങ്ങൾ

മരാമത്തുവകുപ്പു മന്ത്രി ( ശ്രീ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വക റോഡുകൾ ഒ.എഫ്. കേബിൾ ഇടുന്ന സ്വകാര്യ ഏജൻസികളായ ഏഷ്യാനെറ്റ്, കേരള കമ്മ്യൂണിക്കേഷൻസ്, ഭാരതി ടെലിസോണിക്സ് എന്നീ കമ്പനികളും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ടെലികോം എന്നീ സ്ഥാപനങ്ങളുമാണ് കുഴിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഓപ്റ്റിക് ഫൈബർ കേബിൾ ഇടുന്ന സ്വകാര്യ കമ്പനികൾ അവരുടെ സ്വന്തം ചുമതലയിൽത്തന്നെ കുഴിക്കുന്നഭാഗം പൂർണ്ണമായും പുന:സ്ഥാപിക്കണമെന്നാണ് വ്യവസ്ഥ. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ/ഏജൻസികൾ കുഴിക്കുന്ന ഭാഗം ടാർ പ്രതലം വരെ നികത്തേണ്ട ചുമതല കുഴിക്കുന്ന ഏജൻസികൾക്കുതന്നെയാണ്. ടാർ പ്രതലം പുന:സ്ഥാപിക്കുന്നതിനാവശ്യമായ സംഖ്യ ഡിപ്പാർട്ടുമെന്റൽ ഏജൻസികൾ സർക്കാരിൽ മുൻകൂട്ടി അടച്ചിരിക്കേണ്ടതും ആ തുക ഉപയോഗിച്ച് ടാർ പ്രതലം പുന:സ്ഥാപനം നടത്തേണ്ടതും പൊതുമരാമത്തുവകുപ്പാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് റോഡുകൾ കുഴിച്ച് കേബിളും മറ്റും ഇടുന്നത്. ഓപ്റ്റിക് ഫൈബർ കേബിളുകൾ ഇടുന്നതിനുവേണ്ടി അനുവാദം നൽകുന്നത് ഗവൺമെന്റാണ്. ഡിപ്പാർട്ടുമെന്റൽ ഏജൻസികൾക്ക് അനുവാദം നൽകുന്നത്

എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ്. ഓപ്റ്റിക് ഫൈബർ കേബിൾ ഇടുന്നതിനായി കുഴികൾ കുഴിച്ചതിനെത്തുടർന്ന് ചില നിരത്തുകളിൽ ഗതാഗതത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ട ഏജൻസികളുടെ യോഗം ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും വിളിച്ച് കുഴികൾ നികത്തുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകുകയും അതിനെത്തുടർന്ന് കുഴികൾ നികത്തുന്ന ജോലികൾ പൂർത്തിയായി വരികയുമാണ്. ക്യാബിനറ്റ് തീരുമാനപ്രകാരം സ്വകാര്യ കമ്പനികൾക്ക് കേബിളിടുന്നതിനായി റോഡുകൾ കുഴിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവിറക്കിയിട്ടുണ്ട്. നിലവിലുള്ള കരാറുപ്രകാരം റെസ്റ്റോറേഷൻ വർക്കും ടാറിംഗും ചെയ്യേണ്ടത് അതാത് കമ്പനികളാണ്. റെസ്റ്റോറേഷൻ വർക്കുകളിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ കമ്പനികളിൽ നിന്ന് വാങ്ങിയ ബാങ്ക് ഗ്യാരന്റി ഉപയോഗിച്ച് പി.ഡബ്ലിയു.ഡി. യ്ക്കു തന്നെ റെസ്റ്റോറേഷൻ വർക്കുകൾ ചെയ്യാവുന്നതാണ്. റെസ്റ്റോറേഷൻ വർക്കുകൾ കഴിഞ്ഞതിനുശേഷം മാത്രമേ ഇനി റോഡുകൾ കുഴിക്കാൻ സമ്മതിക്കുകയുള്ളൂ. ഈ വർക്കുകൾ മോണിറ്റർ ചെയ്യുന്നതിന് ഒരു ജില്ലാതല കോ–ഓർഡിനേഷൻ കമ്മിറ്റിയും നിലവിലുണ്ട്. റോഡു കുഴിക്കുമ്പോൾ കൂട്ടിയിടുന്ന മൺകൂനകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇടപെട്ട് യഥാസമയം നീക്കം ചെയ്യാൻ നടപടിയെടുക്കാറുണ്ട്. ՝ കിലോമീറ്ററിന് 20 ലക്ഷം രൂപ ചെലവുവരുമെന്നതിനാൽ സ്വകാര്യ കമ്പനികളും ഐ.റ്റി. ഡിപ്പാർട്ടുമെന്റും പി.ഡബ്ലിയു.ഡി.യുമായി ചർച്ച ചെയ്ത് അവരുടെ സഹകരണത്തോടുകൂടി ഡക്ടുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇമ്പ്രസ് മണി സംവിധാനം പുന:സ്ഥാപിക്കാൻ സജീവ നടപടി കൈക്കൊള്ളുന്നതാണ്. ഐ.റ്റി. വകുപ്പ് 2001–ൽ ഇറക്കിയ ഉത്തരവനുസരിച്ച് കേബിളിടുന്നതിന് റോഡു കുഴിക്കുന്നതിന് പി.ഡബ്ലിയു.ഡി.യുടെ പ്രത്യേകാനുമതി ആവശ്യമില്ല. അതുമൂലം പല സ്ഥലത്തും ഇഷ്ടംപോലെ റോഡുകൾ കുഴിക്കുന്ന പ്രവണതയുണ്ട്. ഇത് പി.ഡബ്ലിയു.ഡി.യുടെ ശ്രദ്ധയിൽപ്പെടുന്ന ഉടനെതന്നെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടി സ്വീകരിക്കാറുണ്ട്.. കേബിളിടുന്നതിന് റോഡു കുഴിക്കുന്നതു സംബന്ധിച്ച നിര്ദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കേണ്ടത് അതാത് ജില്ലാകളക്ടർമാരാണ്. കൂടാതെ പി.ഡബ്ലിയു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറും സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നല്കേണ്ടതാണ്. കേബിൾ കമ്പനികൾ കോടിക്കണക്കിന് രൂപ മുതൽ മുടക്കുന്നതുവഴി സംസ്ഥാനത്തെ ടെലികമ്മ്യൂണിക്കേഷൻ രംഗത്തെ സാദ്ധ്യതകളും നേട്ടങ്ങളും ഉപയോഗിച്ച് ഐ.റ്റി. യെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണ് ഓപ്റ്റിക്കൽ ഫൈബർ ലേയിംഗിന് അനുമതി കൊടുത്തത്. നിശ്ചിത സമയത്തിനുള്ളിൽ കുഴികൾ നികത്തുന്നുണ്ടോയെന്ന് കർക്കശമായി മോണിറ്റർ ചെയ്യുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി വ്യക്തമാക്കി. റോഡു കുഴിച്ചിട്ടിരിക്കുകയാണെന്ന് യാത്രക്കാർക്ക് അറിയാൻവേണ്ടി രാത്രി കലങ്ങളിൽ ചുവന്ന ലൈറ്റ് കത്തിക്കണമെന്നും പകൽ ചുവന്ന കൊടി കെട്ടണമെന്നുമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഐ.റ്റി. വകുപ്പും പി.ഡബ്ലിയ.ഡി.യും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഇതു സംബന്ധിച്ച് പരിശോധന നടത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടി

സ്വീകരിക്കുന്നതാണ്. വൈദ്യുത വകുപ്പു മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇറക്കിയ ജി.ഒ. പ്രകാരം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന ജോലികൂടി പി.ഡബ്ല്യു.ഡി. ഏറ്റെടുത്തു നടത്തുന്നതാണ്. വിവിധ കമ്പനികൾക്ക് കേബിളിടാൻ അനുമതി നൽകിയതിലൂടെ മൊത്തം ഏഴുകോടി ഇരുപതു ലക്ഷം രൂപ ബാങ്ക് ഗ്യാരന്റിയായി ഐ.റ്റി. ഡിപ്പാർട്ടുമെന്റിലുണ്ട്.. ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ കോ-ഓർഡിനേഷൻ ഉണ്ടാക്കാനുതകുന്ന വിധത്തിൽ മണ്ഡലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ എം.എൽ.എ. മാരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കമ്മിറ്റി രൂപീകരിക്കാൻ സാധിക്കുമോ എന്ന കാര്യം ആലോചിക്കുന്നതാണ്. ഈ രംഗത്തെ പരമാവധി പ്രശ്നങ്ങൾ എങ്ങനെ കുറയ്ക്കാൻ സാധിക്കുമെന്ന കാര്യം പരിശോധിക്കുന്നതാണ്. വിവിധ ആവശ്യങ്ങൾക്കായി റോഡ് കുറുകെ കുഴിക്കുന്നതുപോലുള്ള ചെറിയ വർക്കുകൾ ˘ ഡിപ്പാർട്ടുമെന്റലായി ചെയ്യുന്നതിനെക്കുറിച്ച് ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. റോഡ് കുഴിച്ച് കമാനങ്ങളും ഗേറ്റുകളും കെട്ടുന്നത് സംബന്ധിച്ച് വിവിധ രാഷ്ട്രീയപാർട്ടികളുമായി ആലോചിച്ച് സമന്വയമുണ്ടാക്കുന്നതാണെന്നും കേബിളിടുന്നതിനുള്ള കുഴിയിൽ വീണ് അപകടം സംഭവിച്ചവർക്കും മരിച്ചവരുടെ ആശ്രിതർക്കും ബന്ധപ്പെട്ട കമ്പനികളിൽനിന്ന് നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിന് വേണ്ട
നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

34(*117) <u>ദേശീയ പാതകൾ</u>

മരാമത്തു വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എൻ.എച്ച്. 17 പൻവേൽ-ഇടപ്പള്ളി, എൻ.എച്ച്.47 കന്യാകുമാരി-സേലം, എൻ.എച്ച് 47എ കുണ്ടന്നൂർ-വെല്ലിംഗ്ടൺ, എൻ.എച്ച്.49 കൊച്ചി-മധുര, എൻ.എച്ച് 208 കൊല്ലം-ചെങ്കോട്ട, എൻ.എച്ച് 212 കോഴിക്കോട്-മൈസൂർ, എൻ.എച്ച് 213 കോഴിക്കോട്-പാലക്കാട്, എൻ.എച്ച് 220 കൊല്ലം-തേനി എന്നിവയാണ് കേരളത്തിലൂടെയുള്ള ദേശീയപാതകളെന്നും ഇവയുടെ ആകെ ദൈർഘ്യം 1545.10 കിലോമീററാണെന്നും അറിയിച്ചു. കഴിഞ്ഞ സാമ്പത്തികവർഷം ഇവയുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി ആകെ 126.55 കോടി രൂപ ലഭിച്ചു.

35(*119) <u>സൗജന്യ പാഠപുസ്തക വിതരണം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരള സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെയും ഒന്നാം ക്ലാസിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഒരു സെറ്റ് പാഠപുസ്തകം സൗജന്യമായി നൽകുന്നുണ്ടെന്നും സർവശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ,എയിഡഡ് വിദ്യാലയങ്ങളിലെയും 2 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും,

പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യമായി പാഠപുസ്തകങ്ങൾ നൽകുന്നുണ്ടെന്നും അറിയിച്ചു. ഇതിന് ഉദ്ദേശം പതിനഞ്ചു കോടിയോളം രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു.

36(*123) <u>സർവ ശിക്ഷാ അഭിയാൻ പദ്ധതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 6 മുതൽ 14 വയസുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രൈമറി വിദ്യാഭ്യാസം നൽകുക എന്നതാണ് സർവ ശിക്ഷാ അഭിയാൻ പദ്ധതിയുടെ ലക്ഷ്യമെന്നും 2008–ാടെ ഈ പ്രായപരിധിയിലുള്ള എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുന്നതിനും 2010–ാടെ എട്ടു വർഷത്തെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നതായി അറിയിച്ചു. പെൺകുട്ടികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ, വികലാംഗരായ വിദ്യാർത്ഥികൾ എന്നിവർക്കും ഈ പദ്ധതിയിൽ പ്രത്യേക പരിഗണന നൽകുന്നു.

37(*124) <u>ലോകബാങ്കിന്റെ അംഗീകാരം ലഭിച്ച പദ്ധതികൾ</u>

മരാമത്തു വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ 1600 കിലോമീറ്റർ റോഡുകളും 93 കിലോമീറ്റർ ജലപാതകളും വികസിപ്പിക്കുന്ന പദ്ധതിക്ക് ലോക ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും 336 മില്ല്യൺ യു.എസ്. ഡോളർ അടങ്കൽ തുകയുള്ള ഈ പദ്ധതിക്ക് 255 മില്ല്യൺ യു.എസ്. ഡോളർ വായ്പയായി ലഭിക്കുമെന്നും അറിയിച്ചു. ഈ പദ്ധതിപ്രകാരമുള്ള റോഡ് വികസനത്തിന് ലൂയി ബർജർ, ലീ അസോസിയേറ്റ്സ് , ഐ.സി.റ്റി., റൈറ്റ്സ് എന്നീ കമ്പനികളാണ് കൺസൾട്ടന്റുമാരായി പ്രവർത്തിക്കുക.

38(*126) <u>പുതിയ കരിക്കുലം സമീപന രേഖ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ,2002–03 അദ്ധ്യയന വർഷത്തിൽ പാഠ്യ പദ്ധതി പരിഷ്കരണത്തോടൊപ്പം I, II, III, IX ക്ളാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് 3–12–2001–ൽ കൂടിയ സംസ്ഥാന സ്കൂൾ കരിക്കുലം സ്ററിയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചു..

39(*129) <u>ഗ്രേഡിംഗ് സമ്പ്രദായം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2003–ലെ എസ്.എസ്.എൽ.സി. പരീക്ഷ മുതലാണ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചു.

വ്യത്യസ്ത കഴിവുകളുള്ള വിദ്യാർത്ഥികളെ മാർക്ക് എന്ന ഒരു അളവുകോൽ ഉപയോഗിച്ച് വിലയിരുത്തുന്നത് അശാസ്ത്രീയമായതുകൊണ്ട് ദേശീയ തലത്തിൽ ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഗ്രേഡിംഗ് രീതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ രീതി നടപ്പിലാക്കുന്നതോടുകൂടി പാസ്/ഫെയിൽ/റാങ്കിംഗ് എന്നീ സമ്പ്രദായങ്ങൾ ഇല്ലാതാകും.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

42(611) ആന്വിറ്റിക്ക് മാർക്കറ്റ് വില പുതുക്കി നിശ്ചയിക്കൽ

കേരള ഭൂപരിഷ്കരണ നിയമം അനുസരിച്ച് സംസ്ഥാനത്തെ മത ധർമ്മ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ആന്വറ്റി വർധിപ്പിക്കുന്നത് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിനാവശ്യമായ നിയമ ഭേദഗതി നടപടികൾ നടന്നു വരികയുമാണ്.

43( 615) മിച്ചഭൂമി വിതരണം

സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുവാനുള്ള മൊത്തം മിച്ചഭൂമി 1023 ഏക്കറാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 550 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 280 പേർക്കും മറ്റു വിഭാഗത്തിൽപ്പെട്ട 777 പേർക്കുമായി 264 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

44(621) ദേശീയ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നു ലഭിച്ച തുക

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാനത്തിന് 2001-02 വർഷത്തിൽ കേന്ദ്ര വിഹിതമായി 8603.61 ലക്ഷം രൂപ (2000-01-ലെ 3308.61 ലക്ഷം രൂപയും 2001-02-ലെ 5295ലക്ഷം രൂപയും ഉൾപ്പെടെ) ലഭിച്ചു. സംസ്ഥാന വിഹിതമായ 2868 ലക്ഷം രൂപ ഉൾപ്പെടെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലെ ആകെ തുക 11,471.61 ലക്ഷം രൂപയാണ്.

45(654) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ സാങ്കേതിക പരിശോധനകളും ഗവേഷണവും പരിശീലനവും നടത്തിവരുന്ന സ്ഥാപനമാണ്. കെട്ടിട നിർമ്മാണ വിഭാഗത്തിനും റോഡ് നിർമ്മാണത്തിനും സാങ്കേതിക സഹായം നൽകുന്നതിനുവേണ്ടി 1972-ലാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. ഇവിടെ സോയിൽ മെക്കാനിക്സ് ആന്റ് ഫൗണ്ടേഷൻ, കോൺക്രീറ്റ് ആന്റ് സ്ട്രക്ച്ചേഴ്സ്, ഫ്ളെക്സിബിൾ പേവ്മെന്റ്, ട്രാഫിക് എഞ്ചിനീയറിംഗ് എന്നീ നാലു ലബോറട്ടറികളും ഭരണ വിഭാഗവും ഒരു

ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങളുടേയും റോഡുകളുടേയും ഗുണമേന്മയും ദീർഘകാല നിലനിൽപ്പും ഉറപ്പു വരുത്തുന്നതിനും നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനും വേണ്ട സാങ്കേതിക സഹായം നൽകുകയും അതിനോടനുബന്ധിച്ചുള്ള ഗവേഷണങ്ങളും പരിശീലനം നടത്തുകയുമാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം.

46(687) റസ്റ്റ്ഹൗസുകൾ പാട്ടത്തിനു നൽകൽ

മൂന്നാർ, തൃശൂർ, ആലുവ, വൈക്കം, ഫെറോക്ക്, കോട്ടയ്ക്കൽ, കല്ലിശ്ശേരി, പൊൻമുടി, സുൽത്താൻബത്തേരി എന്നീ പൊതുമരാമത്തു വകുപ്പിന്റെ റസ്റ്റ്ഹൗസുകൾ പരമാവധി 30 വർഷത്തേക്ക് പാട്ടത്തിനു നൽകാൻ ഉദ്ദേശിക്കുന്നു.

---